ജൈവ വൈപ്പിൻ പദ്ധതി

126 (2959) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ നടന്നു വരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) വിവിധ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിരിക്കുന്ന തുക എത്രയെന്നും, നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നേരിടുന്നുണ്ടോ; വിശദമാക്കാമോ; എങ്കിൽ തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജൈവ വൈപ്പിൻ പദ്ധതിപ്രകാരം RIDF XX-ൽ ഉൾപ്പെടുത്തി 10 പദ്ധതികൾക്ക് 56.59 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യത്തെ 9 പ്രവൃത്തികൾക്ക് എഗ്രിമെന്റ് വച്ച് പണികൾ പുരോഗതിയിലാണ്. പത്താമത്തെ പദ്ധതി 10 പ്രവൃത്തികളായി തിരിച്ച് 7 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും 3 പ്രവൃത്തികൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയും വരുന്നു.

(ബി)

1. പുത്തൻപാടം - 487.21 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്.
2. എടവനക്കാട് - 219.66 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്.
3. വലിയകടമക്കുടി - 196.68 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്.
4. അരങ്ങിൽ അയ്യംപിള്ളി - 146.77 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്.
5. ചെറുകടമക്കുടി - 180.04 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്.
6. വെസ്റ്റ് നെടുമങ്ങാട് - 239.69 ലക്ഷം രൂപ പണികൾ ആരംഭിച്ചു
7. സെൻട്രൽ നെടുമങ്ങാട് - 260.34 ലക്ഷം രൂപ പണികൾ ആരംഭിച്ചു

LIBRARY ARCHIVES Kerala Legislative Assembly